**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2253 08.07.2015-ൽ മറുപടിക്ക്**

## ചാവക്കാട് താലൂക്ക് ഹോസ്പിറ്റലിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)ചാവക്കാട് താലൂക്ക് ഹെഡ് ക്വർട്ടേഴ്സ് ഹോസ്പിറ്റലിൽ മതിയായ ഡോക്ടർമാരില്ലാത്തതിനാൽ പൊതു ജനങ്ങൾ കഷ്ടതയനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടേക്ക് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൈനക്കോളജി വിഭാഗത്തിലേയും ഓർത്തോ പീഡിക് വിഭാഗത്തിലേയും മെഡിക്കൽ കൺസൾട്ടന്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) ചാവക്കാട് താലൂക്ക് ഹോസ്പിറ്റലിൽ നഴ്സ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചാവക്കാട് താലൂക്ക് ഹെഡ്ക്വർട്ടേഴ്സ് ആശുപത്രിയിൽ സ്റ്റാഫ് നഴ്സിന്റെ ആകെ 17 തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ 17 സ്റ്റാഫ് നഴ്സ്മാരും അവിടെ ജോലി നോക്കുന്നു. നിലവിൽ ഒഴിവുകൾ ഒന്നും ഇല്ല. |

Sd/-

സെക്ഷൻ ഓഫീസർ